ഹദീസ്

ഡോ. കെ.മുഹമ്മദ് പാണ്ടിക്കാട്

# സ്ത്രീകൾക്ക് ആദരവ്, പരിഗണന

عَن أَنَسِ بْنِ مَالِكِ رَضِيَ اللهُ عَنْهُ قَالَ :أَنَّ النبيَّ صَلَّى اللَّهُ عليه وسلَّمَ، رَأَى صِبْيَانًا وَنِسَاءً مُقْبِلِينَ مِن عُرْسٍ، فَقَامَ نَبِيُّ اللهِ صَلَّى اللَّهُ عليه وسلَّمَ مُمْثِلًا، فَقَالَ: اللَّهُمَّ أَنْتُمْ مِن أَحَبِّ النَّاسِ إلَيَّ، اللَّهُمَّ أَنْتُمْ مِن أَحَبِّ النَّاسِ إلَيَّ يَعْنِي الأَنْصَارَ.(مسلم)

**അനസ് ബ്നു മാലിക് (റ) പറയുന്നു: ഒരിക്കൽ അല്ലാഹുവിന്റെ റസൂൽ കല്യാണ സൽക്കാരം കഴിഞ്ഞ് വരുന്ന കുട്ടികളെയും സ്ത്രീകളെയും കണ്ടു. നബി (സ) അവർക്കായി എഴുന്നേറ്റ് നിവർന്ന് നിന്ന് ഇപ്രകാരം പറഞ്ഞു: 'അല്ലാഹുവാണ, ജനങ്ങളിൽ ഏറ്റവും കൂടുതൽ ഞാനിഷ്ടപ്പെടുന്നത് നിങ്ങളെയാണ്. അല്ലാഹുവാണ, ജനങ്ങളിൽ ഏറ്റവും കൂടുതൽ ഞാനിഷ്ടപ്പെടുന്നത് നിങ്ങളെയാണ്.' മദീനയിലെ അൻസ്വാറുകളെയാണ് പ്രവാചകൻ ഉദ്ദേശിച്ചത് (മുസ്‌ലിം).**

ഹദീസ് നൽകുന്ന പ്രധാന പാഠങ്ങൾ ഇവയാണ്:

ഒന്ന്: സ്ത്രീകളെയും കുട്ടികളെയും റസൂൽ (സ) അത്യധികം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു.

രണ്ട്: ആളുകളെ മുഖത്ത് നോക്കി വാഴ്ത്തുന്നതിൽ തെറ്റില്ല.

മൂന്ന്: സ്ത്രീകൾക്ക് പൊതു സദ്യകളിലും സൽക്കാരങ്ങളിലും പങ്കെടുക്കാം.

നാല്: ആളുകളെ ആദരിക്കുന്നതിനായി എഴുന്നേറ്റ് നിൽക്കുന്നതിൽ തെറ്റില്ല.

അഞ്ച്: വിശ്വാസികളായ എല്ലാവരോടും സൗഹൃദം പ്രകടിപ്പിക്കണം.

ഹദീസിൽ സൂചിപ്പിച്ച, സ്ത്രീകളുമായി ബന്ധപ്പെട്ട ഇസ്‌ലാമിന്റെ കാഴ്ചപ്പാട് വിശദമായി മനസ്സിലാക്കണമെന്ന് പുതിയ സാഹചര്യം ആവശ്യപ്പെടുന്നുണ്ട്. ഇസ്‌ലാം കടന്ന് വരുന്ന കാലത്തുണ്ടായിരുന്ന എല്ലാ സമൂഹങ്ങളിലും സ്ത്രീ പുരുഷ വിവേചനം നിലനിന്നിരുന്നു. സ്ത്രീകൾക്ക് മനുഷ്യാത്മാവ് പോലുമില്ലെന്ന് പലരും വാദിച്ചു. എന്നാൽ സ്ത്രീകൾക്കും പുരുഷന്മാർക്കുമിടയിൽ വിവേചനം കൽപ്പിക്കുന്നതിനെ ഇസ്‌ലാം ശക്തമായി എതിർത്തു.

റസൂൽ പ്രഖ്യാപിച്ചു: إِنَّمَا النِسَاءُ شَقَائِقُ الرِّجَالِ

''സ്ത്രീകൾ പുരുഷൻമാരുടെ അർദ്ധ പാതികളാണ്'' (അബൂദാവൂദ്).

സ്ത്രീപുരുഷൻമാർ ജനിക്കുന്നത് ഒരൊറ്റ സത്തയിൽ നിന്നാണെന്ന് വിശുദ്ധ ഖുർആൻ വിളംബരം ചെയ്തു:

''ജനങ്ങളേ, നിങ്ങളുടെ നാഥനെ സൂക്ഷിക്കുക. ഒരൊറ്റ സത്തയിൽനിന്ന് നിങ്ങളെ സൃഷ്ടിച്ചവനാണവൻ. അതിൽ നിന്നുതന്നെ അതിന്റെ ഇണയെ സൃഷ്ടിച്ചു. അവ രണ്ടിൽ നിന്നുമായി ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും അവൻ വ്യാപിപ്പിച്ചു.'' (4:1). നന്മ കൽപ്പിക്കുക, തിന്മ തടയുക എന്ന വിശ്വാസി സമൂഹത്തിന്റെ ബാധ്യത അവരിലെ സ്ത്രീപുരുഷന്മാർ പരസ്പരം സഹകരിച്ചാണ് നിർവഹിക്കേണ്ടതെന്നും അനുശാസിച്ചു: ''സത്യവിശ്വാസികളായ സ്ത്രീ പുരുഷന്മാർ പരസ്പരം സഹായികളാണ്. അവർ നന്മ കൽപിക്കുന്നു. തിന്മ തടയുന്നു.'' (9:71). വിശ്വാസികളായതിന്റെ പേരിൽ ജീവത്യാഗം ചെയ്യേണ്ടിവന്ന സ്ത്രീ പുരുഷന്മാരെ അല്ലാഹു ഒരേപോലെ പ്രകീർത്തിക്കുന്നുണ്ട് (*അൽ ബുറൂജ്:* 10).

ദീനീ വിഷയത്തിൽ റസൂലുമായി തർക്കിച്ച ഖസ്റജ് ഗോത്രത്തിലെ ഖൗല ബിൻതു സഅ്ലബയെ അധ്യായം *അൽ മുജാദലയിൽ* അല്ലാഹു പ്രകീർത്തിക്കുന്നുണ്ട്. *അന്നംല്* 23-ൽ അധികാരം കൈയാളിയ സബഇലെ രാജ്ഞിയെ പരാമർശിക്കുന്നുണ്ട്. പുരുഷന്മാർക്കു പോലും മാതൃകയായി അല്ലാഹു ഉയർത്തിക്കാട്ടുന്നത് രണ്ട് സ്ത്രീകളെയാണ് (*അത്തഹ്‌രീം*: 11–12). പ്രവാചകന്റെ കാലത്ത് പുരുഷന്മാരെ പോലെത്തന്നെ സ്ത്രീകളും സാമൂഹിക രംഗങ്ങളിൽ പ്രവർത്തിക്കാറുണ്ടായിരുന്നെന്നും, ശരീഅത്തിന്റെ നിബന്ധനകൾ പാലിച്ച് അവർ ഇടകലരാറുണ്ടായിരുന്നെന്നും ധാരാളം ഹദീസുകൾ നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. സ്ത്രീകൾക്ക് യുദ്ധം നിർബന്ധമാക്കിയിട്ടില്ലെങ്കിലും അവരിൽ തൽപരരായവർ മുസ്‌ലിം സൈന്യത്തോടൊപ്പം പോകുന്നത് നബി(സ) വിലക്കിയിരുന്നില്ല.

ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ ഇപ്രകാരം കാണാം. നജ്ദ എന്ന സ്വഹാബി വനിത ഇബ്നു അബ്ബാസിന് ഇപ്രകാരം എഴുതി: ''അല്ലാഹുവിന്റെ റസൂൽ (സ) സ്ത്രീകളോടൊപ്പം യുദ്ധം ചെയ്തിരുന്നോ? പ്രവാചകൻ അവർക്കായി പ്രത്യേക വിഹിതം നീക്കിവെച്ചിരുന്നോ?''

ഇബ്നു അബ്ബാസി(റ)ന്റെ മറുപടി ഇപ്രകാരം: ''അതെ, അല്ലാഹുവിന്റെ റസൂലി(സ)ന്റെ കൂടെ സ്ത്രീകൾ യുദ്ധം ചെയ്തിരുന്നു. യുദ്ധമുതലിൽ നിന്നും അവർക്ക് പാരിതോഷികം നൽകിയിരുന്നു. എന്നാൽ പ്രത്യേക വിഹിതം നൽകിയിരുന്നില്ല'' (ബുഖാരി).

അൻസ്വാരിയായ ഉമ്മു അതിയ്യ (റ) പറയുന്നു: ''ഞാൻ അല്ലാഹുവിന്റെ റസൂലിന്റെ കൂടെ ഏഴ് യുദ്ധങ്ങളിൽ പങ്കെടുത്തു. മുസ്‌ലിം സൈനികരുടെ കൂടാരങ്ങളിൽ അവർക്ക് ഭക്ഷണമുണ്ടാക്കുകയും മുറിവേറ്റവരെ ചികിത്സിക്കുകയും രോഗികളെ പരിചരിക്കുകയും ചെയ്യുമായിരുന്നു'' (മുസ്‌ലിം).

റുബയ്യഇന്റെ മകൾ മുഅവ്വിദി പറയുന്നു: ''ഞങ്ങൾ

നബി(സ)യുടെ കൂടെ യുദ്ധം ചെയ്തിരുന്നു. മുറിവേറ്റവരെ ചികിത്സിക്കുകയും കൊല്ലപ്പെട്ടവരെ മദീനയിലേക്ക് തിരിച്ചെത്തിക്കുകയും ചെയ്യാറുണ്ടായിരുന്നു'' (ബുഖാരി).

നബി (സ) എങ്ങോട്ടെങ്കിലും യാത്ര പോവുകയാണെങ്കിൽ കൂടെ അനുഗമിക്കേണ്ട ഭാര്യക്കായി നറുക്കിടുകയും, നറുക്ക് വീണവരെ കൂടെ കൊണ്ട് പോവുകയും ചെയ്തിരുന്നു എന്ന് ആഇശ (റ) പറയുന്നുണ്ട് (ബുഖാരി).

ഒരിക്കൽ നബി (സ) പള്ളിയിൽ വെച്ച് 'മനുഷ്യരേ..' എന്ന് വിളിച്ച് സ്വഹാബാക്കളെ ക്ലാസ്സിനായി ക്ഷണിച്ചപ്പോൾ താനും ക്ലാസ്സ് കേൾക്കാനായി പള്ളിയിലെത്തിയെന്ന് പ്രവാചക പത്നി ഉമ്മുസലമ (റ) പറയുന്നു (മുസ്‌ലിം). ഹുദൈബിയ സന്ധിയിലെ വ്യവസ്ഥകളോട് അതൃപ്തി തോന്നിയ സ്വഹാബാക്കളെ അനുനയിപ്പിക്കാൻ റസൂൽ തന്റെ അഭിപ്രായമാണ് സ്വീകരിച്ചതെന്നും ഉമ്മുസലമ (റ) പറയുന്നുണ്ട് (അഹ്മദ്).

ഹിജ്റയിലും അഖബ, ഹുദൈബിയ ഉടമ്പടികളിലും വരെ വനിതകളുടെ പ്രാതിനിധ്യമുണ്ടായിരുന്നു.

ഇപ്പറഞ്ഞതെല്ലാം തിരുദൂതരുടെ കാലത്ത് സാമൂഹിക സേവനങ്ങളിലും സാംസ്കാരിക പ്രവർത്തനങ്ങളിലും സ്ത്രീകൾ ഇടപെട്ടിരുന്നു എന്നതിന് തെളിവാണ്.

പ്രവാചകന്റെ കാലത്ത് രാത്രി സമയങ്ങളിൽ പോലും സ്ത്രീകൾ പല ആവശ്യങ്ങൾക്കും ഒറ്റക്ക് പുറത്തിറങ്ങാറുണ്ടായിരുന്നു.

ആഇശ (റ) പറയുന്നു. ഹിജാബിന്റെ വാക്യമവതരിപ്പിക്കപ്പെട്ട ശേഷം ഒരു ദിവസം രാത്രി സൗദ (റ) അവരുടെ ഒരാവശ്യത്തിനായി പുറത്തിറങ്ങി. തടിയുള്ള സ്ത്രീയായതിനാൽ അവരെ പരിചയമുള്ളവർക്ക് വേഗത്തിൽ തിരിച്ചറിയാമായിരുന്നു.

വഴിയിൽ ഉമറുബ്നുൽ ഖത്താബ് (റ) അവരെ കണ്ടു. ചോദിച്ചു: ''സൗദാ, എന്തിനാണിപ്പോൾ പുറത്തിറങ്ങിയത്?'' ഇതോടെ സൗദ മടങ്ങി. അല്ലാഹുവിന്റെ റസൂൽ (സ) അപ്പോൾ എന്റെ വീട്ടിലായിരുന്നു. കൈയിൽ ഒരു മാംസക്കഷ്ണം പിടിച്ച് അത്താഴം കഴിക്കുകയായിരുന്നു പ്രവാചകൻ. അകത്ത് വന്ന് സൗദ പറഞ്ഞു: ''അല്ലാഹുവിന്റെ റസൂലേ, ഞാനെന്റെ ആവശ്യങ്ങൾക്കായി പുറത്തിറങ്ങിയതായിരുന്നു. ഉമർ എന്നോട് ഇന്നയിന്ന കാര്യങ്ങളെല്ലാം പറഞ്ഞു.''

അപ്പോഴേക്കും നബിക്ക് വഹ്‌യ് ഇറങ്ങി. പിന്നെ, മാംസക്കഷ്ണം കൈയിൽ പിടിച്ച് കൊണ്ട് തന്നെ റസൂൽ (സ) പറഞ്ഞു:

إِنَّهُ قَدْ أُذِنَ لَكُنَّ أَنْ تَخْرُجْنَ لِحَاجَتِكُنَّ.

'നിങ്ങൾക്ക് ആവശ്യങ്ങൾക്കായി പുറത്തിറങ്ങാൻ അല്ലാഹു അനുവാദം നൽകിയിരിക്കുന്നു.'' (ബുഖാരി).

പ്രവാചക പത്നി ആഇശ (റ) യുടെ അടുക്കൽ മുസ്‌ലിം ചെറുപ്പക്കാർ ദീനീ വിഷയങ്ങൾ പഠിക്കാനായി ചെന്നിരുന്നു എന്ന് ഹദീസുകളിൽ നിന്ന് മനസ്സിലാക്കാം. അൽ അസ്‌വദ് ബ്നു യസീദ് (റ) പറയുന്നു: ''ഖുറൈശികളിൽ നിന്നും കുറച്ച് യുവാക്കൾ ആഇശ (റ) യുടെ അടുക്കൽ ചെന്നു. അവരപ്പോൾ മിനായിലായിരുന്നു. യുവാക്കൾ ചിരിക്കുന്നുണ്ടായിരുന്നു. ആഇശ (റ) ചോദിച്ചു: 'നിങ്ങളെന്തിനാണ് ചിരിക്കുന്നത്?'

'ഒരാൾ കാലിടറി വീണ് അയാളുടെ കഴുത്ത് പൊട്ടാറായി.'

ആഇശ (റ) പറഞ്ഞു: 'അതിന് നിങ്ങൾ ചിരിക്കേണ്ടതില്ല. അല്ലാഹുവിന്റെ റസൂൽ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: ഒരു മുസ്‌ലിമിന് മുള്ള് തറക്കുകയോ അതിൽ ചെറുതോ സംഭവിച്ചാൽ പരലോകത്ത് അവന്റെ ഒരു പദവി ഉയർത്തപ്പെടും. ഒരു പാപം പൊറുക്കപ്പെടുകയും ചെയ്യും'' (മുസ്‌ലിം).

റസൂലി (സ) ന്റെ സ്വഭാവം പഠിക്കാനായി മൂന്ന് സംഘം ആളുകൾ പ്രവാചക പത്നിമാരുടെ അടുക്കൽ വന്ന സംഭവം ഇമാം ബുഖാരിയും മറ്റും ഉദ്ധരിക്കുന്നുണ്ട്.

സ്വഹാബി വനിതകൾ ധാരാളം ഹദീസുകൾ നിവേദനം ചെയ്തതായി കാണാം. അൽ ഹാഫിദ് അദ്ദഹബി പറഞ്ഞു: ''ഒരു സ്വഹാബി വനിതയും ഹദീസ് നിവേദനത്തിൽ കളവ് പറഞ്ഞതായി ഉദ്ധരിക്കപ്പെട്ടിട്ടില്ല.'' ഇമാം ശൗകാനി (റ) പറഞ്ഞു: ''നിവേദക സ്ത്രീയാണ് എന്ന പേരിൽ മാത്രം ഒരൊറ്റ ഹദീസ് പോലും തള്ളപ്പെട്ടതായി പണ്ഡിതർ ഉദ്ധരിച്ചിട്ടില്ല. ഒരു സ്വഹാബി വനിത മാത്രം ഉദ്ധരിച്ച എത്രയോ ഹദീസുകൾ മുസ്‌ലിം ഉമ്മ: അംഗീകരിക്കുന്നു.'' (അബ്ദുൽ ഹലീം അബൂ ശഖ്ഖയുടെ *തഹ്‌രീറുൽ മർഅ ഫീ അസ്വ്‌രി അർരിസാല* എന്ന കൃതി കാണുക).

വെളിച്ചവും വിളക്കുകളും പരിമിതമായ പ്രവാചക കാലഘട്ടത്തിൽ, രാത്രിയിലെ ഇശാ, സ്വുബ്ഹ് ജമാഅത്ത് നമസ്കാരങ്ങൾക്ക് സ്ത്രീകൾ പള്ളിയിലെത്തിയിരുന്നെന്ന് ഇമാം ബുഖാരി ഉദ്ധരിച്ച ഹദീസുകളിൽ കാണാം.

അബ്ദുല്ലാഹിബ്നു ഉമർ (റ) പറയുന്നു: ''ഉമറി(റ)ന്റെ ഭാര്യ സുബ്ഹ്, ഇശാ ജമാഅത്ത് നമസ്കാരങ്ങൾക്ക് പള്ളിയിൽ വരാറുണ്ടായിരുന്നു. അവരോട് ആരോ ചോദിച്ചു: 'നിങ്ങളെന്തിനാണ് ഉമറി(റ)ന് ഇഷ്ടമില്ലെന്നറിഞ്ഞിട്ടും പള്ളിയിലേക്ക് വരുന്നത്?' അവർ ചോദിച്ചു: 'എന്നെ തടയുവാൻ അദ്ദേഹത്തിന് എന്താണ് തടസ്സം?''

അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലിന്റെ ഈ വാക്കാണതിന് തടസ്സം നിൽക്കുന്നത്. 'അല്ലാഹുവിന്റെ പള്ളി അല്ലാഹുവിന്റെ ദാസികൾക്ക് നിങ്ങൾ വിലക്കരുത്' എന്ന വാക്ക്'' (ബുഖാരി).

ഇമാം ബുഖാരിയുടെ ഹദീസ് ഗ്രന്ഥത്തിൽ, ചില അധ്യായങ്ങൾക്ക് നൽകിയ തലക്കെട്ടുകൾ ഇപ്രകാരമാണ്: ''രാത്രിയിലും രാത്രിയുടെ അന്ത്യയാമങ്ങളിലും സ്ത്രീകൾ പള്ളികളിലേക്ക് പുറപ്പെടാം.'' 'സ്ത്രീകൾക്ക് പള്ളികളിൽ ഉറങ്ങാം.'' ''സ്ത്രീകളും ആർത്തവകാരികളും മുസ്വല്ലകളിലേക്ക് പുറപ്പെടൽ.''

മൂന്ന് ത്വലാഖ് ചൊല്ലപ്പെട്ട് ഇദ്ദയിലിരിക്കുന്ന സ്ത്രീയോട് പോലും പുറത്തിറങ്ങി തന്റെ തോട്ടത്തിലെ പഴങ്ങൾ പറിക്കാൻ അല്ലാഹുവിന്റെ റസൂൽ അനുവാദം നൽകുകയുണ്ടായി (മുസ്‌ലിം).

റുഫൈദ എന്ന സ്വഹാബീ വനിതയാണ് മദീനാ പള്ളിയിലെ കൂടാരത്തിലുണ്ടായിരുന്ന മുറിവേറ്റ മുസ്‌ലിം സൈനികരെ ശുശ്രൂഷിച്ചിരുന്നതെന്ന് ഇമാം ബുഖാരി നിവേദനം ചെയ്യുന്നുണ്ട്.

മദീനയിലെ അത്തർ വിൽപ്പനക്കാരിയായ അൽഹൗലാ എന്ന യുവതിയെ നബി(സ) പ്രോത്സാഹിപ്പിച്ചിരുന്നു എന്നും കാണാം (അൽ കശ്ഫ് വൽ ബയാൻ). ശിഫാ ബിൻത് അബ്ദുല്ലാ എന്ന വനിത മദീനയിലെ ആദ്യത്തെ അധ്യാപികയും ഡോക്ടറുമായിരുന്നു (മൗസൂഅതു അത്ത്വിബ്ബ് അന്നബവി). നബി(സ)യുടെ മരണശേഷം ആഇശ (റ) രാഷ്ട്രീയ-ഭരണകാര്യങ്ങളിൽ ഇടപ്പെട്ടിരുന്നു എന്നതിനുള്ള ധാരാളം സാക്ഷ്യങ്ങൾ ഇസ്‌ലാമിക ചരിത്ര കൃതികളിൽ കാണാം.

ചുരുക്കത്തിൽ, നബി (സ) യുടെ കാലത്ത് സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ നിന്ന് സ്ത്രീകളെ അകറ്റി നിർത്തിയിരുന്നില്ല എന്നത് പകൽപോലെ വ്യക്തമാണ്. ●